**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1104 | | | 30.09.2016-ൽ മറുപടിയ്ക്ക് |
|---|---|---|---|
| **ക്ഷേമപെൻഷനുകളുടെ വിതരണം** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.സി.മമ്മൂട്ടി** | | **ശ്രീ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ബാങ്ക് അക്കൗണ്ട്, പോസ്റ്റ് ഓഫീസ് എന്നിവ മുഖേന നല്കി വന്നിരുന്ന ക്ഷേമപെൻഷനുകളുടെ വിതരണ രീതിയിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ ഏതു വിധത്തിലുള്ള മാറ്റമാണ് വരുത്തിയതെന്ന് വ്യക്തമാക്കുമോ; അതു സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | ഓണക്കാലത്ത് ക്ഷേമ പെൻഷൻ ഗുണഭോക്താക്കൾക്ക് കുടിശ്ശിക ഉൾപ്പെടെയും ഒരു മാസത്തെ പെൻഷൻ മുൻകൂറായും വീടുകളിൽ എത്തിച്ച് നൽകുന്നതിനുള്ള നടപടിയുടെ ഭാഗമായി, പോസ്റ്റോഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ മുഖേനയും, മണി ഓർഡർ സംവിധാനം മുഖേനയുമുള്ള വിതരണം ഒഴിവാക്കി പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന തുക നേരിട്ട് വീട്ടിലെത്തിക്കുന്നതിന് നടപടി സ്വീകരിച്ചു. സർക്കാർ ഉത്തരവ് സ.ഉ (കൈ)നം.324/2016/ധന. തീയതി.15.08.2016 ന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | അതുപ്രകാരം ഇന്നേ വരെ സംസ്ഥാനത്ത് മൊത്തം എത്ര തുക പെൻഷൻ ഇനത്തിൽ വിതരണം നടത്തിയിട്ടുണ്ട്; | (ബി) | ബാങ്ക് അക്കൗണ്ട് മുഖേന 665 കോടി രൂപയും പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന 1750 കോടി രൂപയും ഉൾപ്പെടെ ആകെ 2415 കോടി രൂപ വിതരണം നടത്തി. |
| (സി) | സംസ്ഥാനത്ത് മൊത്തം എത്ര ക്ഷേമ പെൻഷൻകാരുണ്ട്; | (സി) | നിലവിൽ സംസ്ഥാനത്ത് 37,12,703 പെൻഷൻ ഗുണഭോക്താക്കളാണ് ഉള്ളത് |
| (ഡി) | ഇവരിൽ എത്ര പേർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുടിശ്ശിക സഹിതം പെൻഷൻ നല്കിയിട്ടുണ്ട്; | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 11.72 ലക്ഷം ഗുണഭോക്താക്കൾക്ക് കുടിശ്ശിക വിതരണം ചെയ്തിട്ടുണ്ട്. |
| (ഇ) | എന്ന് മുതലുള്ള തുകയാണ് കുടിശ്ശികയായിരുന്നത്; അന്നുമുതലുള്ള ഓരോ മാസവും, പെൻഷൻ കുടിശ്ശികയായവരുടെ എണ്ണം എത്രയാണെന്നതിന്റെ വിശദവിവരം നല്കാമോ? | (ഇ) | വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വ്യത്യസ്ത കാലയളവിലെ കുടിശ്ശികയാണ് നൽകാനുണ്ടായിരുന്നത്. ഒരേ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ തന്നെ ഗുണഭോക്താക്കൾക്ക് വ്യത്യസ്ത കാലയളവിലെ പെൻഷൻ കുടിശ്ശികയായിരുന്നു. എന്നാൽ പൊതുവിൽ 2014 സെപ്റ്റംബർ മുതൽ 2015 ജനുവരി വരെയുള്ള കാലയളവിലാണ് കൂടുതൽ കുടിശ്ശികയുണ്ടായിരുന്നത്. ഓരോ പെൻഷൻ ഇനത്തിലും കുടിശ്ശിക നൽകാനുണ്ടായിരുന്ന ഗുണഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു.<br>1. കർഷക തൊഴിലാളി പെൻഷൻ- 449701<br>2. വാർദ്ധക്യകാല പെൻഷൻ-250312<br>3. വികലാംഗ പെൻഷൻ- 82339<br>4. 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ- 20154<br>5. വിധവാ പെൻഷൻ- 369274 |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്